സ്ഥിരനിക്ഷേപം :- 6519.23 കോടി രൂപ

വ്യക്തികളുടെ സ്ഥിരനിക്ഷേപം:- 3812.07 കോടി രൂപ.

സഹകരണ സ്ഥാപനങ്ങളുടെ സ്ഥിരനിക്ഷേപം :- 195.49 കോടി രൂപ.

ബോർഡുകളുടെ സ്ഥിരനിക്ഷേപം :- 920.93 കോടി രൂപ.

കോർപ്പറേഷനുകളുടെ സ്ഥിര നിക്ഷേപം :- 678.05 കോടി രൂപ.

മറ്റുള്ള നിക്ഷേപം :- 1896.10 കോടി രൂപ

(ബി) നിലവിലുള്ള നിക്ഷേപങ്ങൾക്ക് പലിശ ഇനത്തിൽ നല്കാൻ ബാധ്യതപ്പെട്ട തുക 394.37 കോടി രൂപയാണ്.

**പഴയങ്ങാടി ടഷറി കെട്ടിട നിർമ്മാണം**

229 (577) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ 27-1-2011-ന് ഭരണാനുമതി ലഭിച്ച് ഇൻകെലിനെ ഏല്പിച്ച പഴയങ്ങാടി ടഷറി കെട്ടിടനിർമ്മാണം ഇപ്പോൾ ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ടോ ; ടഷറി കെട്ടിട നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും ; വിശദാംശം നൽകുമോ ?

ഉത്തരം

ടഷറി വകുപ്പിൽ ഇൻകെൽ ഉപേക്ഷിച്ചതും പുതിയതായി തുടങ്ങേണ്ടതുമായ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. പഴയങ്ങാടി സബ്ടഷറി കെട്ടിടം നിർമ്മിക്കുന്നതിന് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി സമർപ്പിച്ച 1,60,79,000 രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിഗണനയിലാണ്. എന്നാൽ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിനാവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ നടപ്പ് വർഷം ഈ പ്രവൃത്തിക്ക് ഭരണാനുമതി നല്കുന്ന കാര്യം പരിഗണിക്കാനാകില്ല. കൂടാതെ ടഷറികളുടെ കെട്ടിടനിർമ്മാണം പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനുള്ള സാധ്യതയും സർക്കാർ പരിശോധിച്ചു വരികയാണ്. പ്രസ്തുത വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly